## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 4191

16.12.2014-ൽ
മറുപടിയ്ക്ക്

## റാന്നി മണ്ഡലത്തിലെ ഉതിമൂട്ടിൽ കിൻഫ്രയുടെ അപ്പാരൽ പാർക്ക്

**ചോദ്യം**

ശ്രീ. രാജുഎബ്രഹാം

എ) റാന്നി മണ്ഡലത്തിലെ ഉതിമൂട്ടിൽ കിൻഫ്രയുടെ അപ്പാരൽ പാർക്ക് നിർമ്മിക്കുന്നതിനായി പി.ഐ.പി.വക എത്ര ഭൂമിയാണ് പാട്ട വ്യവസ്ഥയിൽ ലഭിച്ചിട്ടുള്ളത്; എത്ര വർഷത്തേയ്ക്കാണ് ലഭിച്ചിട്ടുള്ളത്; പാട്ടത്തുക എത്രവീതമാണ് ഓരോ വർഷവും അടയ്ക്കേണ്ടത് ; ഇതേവരെ പാട്ടത്തുകയിനത്തിൽ എത്ര തുകയാണ് അടച്ചിട്ടുള്ളതെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ; പാട്ട വ്യവസ്ഥകൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ;

**മറുപടി**

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

എ) 1.40558 ഏക്കർ സർക്കാർ ഭൂമിയാണ് പാട്ട വ്യവസ്ഥയിൽ ലഭിച്ചിട്ടുള്ളത്. 30 വർഷത്തേയ്ക്കാണ് പാട്ടത്തിന് ലഭിച്ചിട്ടുള്ളത്. 24,856/- രൂപയാണ് ഒരോ വർഷവും അടയ്ക്കേണ്ടത്. ഇതേവരെ 49,714 രൂപ പാട്ടത്തുകയായി അടച്ചിട്ടുണ്ട്. ഇതിന്റെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

2011-2012 :24,856/-രൂപ
2012-2013 :24,858/- രൂപ

പാട്ട വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

1 പ്രസ്തുത ഭൂമിയിൽ നിൽക്കുന്ന മരങ്ങൾ സംരക്ഷിക്കേണ്ടതാണ്. മരങ്ങൾ മുറിച്ചു മാറ്റേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ അനുവാദം വാങ്ങുകയും മുറിച്ചു മാറ്റുന്ന മരങ്ങൾക്കു പകരം വൃക്ഷങ്ങൾ നടുകയും ചെയ്യേണ്ടതാണ്.

2 അനുവദിച്ചിട്ടുള്ള ആവശ്യത്തിന് മാത്രമേ ഭൂമി ഉപയോഗിക്കാൻ പാടുള്ളൂ.

3 അനുവദിച്ച് ഒരു വർഷത്തിനുള്ളിൽ നിർമ്മാണ പ്രവർത്തനം ആരംഭിക്കണം. അല്ലാത്ത പക്ഷം ഭൂമി തിരിച്ചെടുത്ത് റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കുന്നതാണ്.

4 മൂന്നു വർഷം കൂടുമ്പോൾ പാട്ടം പുതുക്കേണ്ടതാണ്.

5 ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ തന്നെ പാട്ടം അടയ്ക്കേണ്ടതാണ്.

6 ഭൂമി ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്താൻ പാടില്ല.

7 ഭൂമി കയ്യേറ്റക്കാരിൽ നിന്നും ഭൂമി സംരക്ഷിക്കേണ്ട ചുമതല കിൻഫ്രയ്ക്കാണ്.

8 പ്രസ്തുത ഭൂമി ഉപപാട്ടത്തിന് നൽകുവാനോ, തറവാടകയ്ക്ക് നൽകുവാനോ, അന്യാധീനപ്പെടുത്തുവാനോ, ദുരുപയോഗപ്പെടുത്തുവാനോ പാടില്ല.

| | |
|---|---|
| ബി) ഇവിടെ അപ്പാരൽ പാർക്കിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന വ്യക്തമാക്കാമോ; | ബി) ഇല്ല. ഫണ്ടിന്റെ അഭാവംമൂലമാണ് റൂറൽ അപ്പാരൽ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ട് പോകാൻ കഴിയാതെ വന്നത്. പ്രസ്തുത സ്ഥലത്ത് ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകൾ വിലയിരുത്താൻ തീരുമാനിച്ചിട്ടുണ്ട്. |
| സി) പാട്ട വ്യവസ്ഥയുടെ ലംഘനമുണ്ടാകാതെ, കിൻഫ്രയുടെ തന്നെ നേതൃത്വത്തിൽ ഈ ഭൂമിയിൽ എന്തെങ്കിലും വ്യവസായ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | സി) ഉണ്ട്. റാന്നിയിൽ ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നത് സംബന്ധിച്ച് ഒരു യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾ താഴെ പറയുന്നവയാണ്:<br>1 ജനറൽ ഇൻഡസ്ട്രിയൽ പാർക്ക് എന്ന രീതിയിൽ വ്യവസായം ആരംഭിക്കുന്നതിന് യോജിച്ച സ്ഥലം കണ്ടെത്തുക.<br>2 അപ്പാരൽ പാർക്കിനായി കണ്ടെത്തിയ 1.40558 ഏക്കർ സ്ഥലം സിഡ്കോയ്ക്ക് പി.പി.പി. ആയി വ്യവസായം ആരംഭിക്കുവാൻ ഉപകരിക്കുമോ എന്നും എങ്കിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന വ്യവസായം സംബന്ധിച്ചും സിഡ്കോ മാനേജിംഗ് ഡയറക്ടർ, ബഹു. എം.എൽ.എയുമായി കൂടിയാലോചിച്ച് ശുപാർശ നൽകുക.<br>ഇതു പ്രകാരമുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**